PROGRAMMES—MINISTER—BUDGET SPEECH OF 1120

201. ചൌധരി ജി. എസ്സ്. ധാരാസിംഗ്: ബഹുമാനപ്പെട്ട ഗവമ്മെണ്ടു താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവായി മറുപടി പറയുമോ.—

(എ) ബഹുമാനപ്പെട്ട പബ്ലിക്കു് ഹെൽത്തു് മന്ത്രി കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗാവസരത്തിൽ അവതരിപ്പിച്ച ത്രിവത്സരപദ്ധതിയിൽ ഏതെല്ലാം കാര്യങ്ങൾ എത്രത്തോളം നടപ്പിൽ വരുത്തിയിട്ടുണ്ടു്;

(ബി) ചുരുക്കമായി ഒരു വിവരം തരുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) & (ബി) ദത്തവകുപ്പുകളുടെ അദ്ധ്യക്ഷന്മാരിൽനിന്നു റിപ്പോർട്ടുകൾ വരുത്തുകയും യുദ്ധാനന്തരപുനരുദ്ധാരണ പദ്ധതിയിൽനിന്നും മേൽപറഞ്ഞ റിപ്പോർട്ടുകളിൽനിന്നും വേണ്ടുന്ന നിർദ്ദേശങ്ങൾ തിരഞ്ഞെടുത്തു് ഒരു ഏകീകൃത ത്രിവത്സരപദ്ധതിയാക്കി രൂപപ്പെടുത്തുന്നതിലേക്കു ശ്രീ ടി. കെ. കൃഷ്ണമേനോൻ ചെയർമാനായുള്ള ഒരു കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. ടി കമ്മിറ്റിയുടെ റിപ്പോർട്ടു ലഭിച്ചുകഴിഞ്ഞു. അതു് ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

MILK—DISTRIBUTION OF

† **202.** മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും ദയവായി മറുപടി പറയുമോ.—

(എ) ചെറായിക്കടുത്തുള്ള പള്ളിപ്പുറത്തു് സൌജന്യമായി പാൽ വിതരണം ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എല്ലാവർക്കും പ്രവേശനമുള്ള സ്ഥലത്തുവെച്ചാണോ പാൽ വിതരണം ചെയ്യുന്നതു്;

(സി) ഈ പാൽ വിതരണത്തിൽ പൊതുജനങ്ങളുടെ വല്ല ആക്ഷേപവും ഉള്ളതായി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടിയാണു് ഗവമ്മെണ്ടു ഇക്കാര്യത്തിൽ കൈക്കൊണ്ടതു്?

റാവുറാഹിബു് എം. എം. പോൾ:

(എ) പള്ളിപ്പുറത്തു സൌജന്യമായി പാൽ വിതരണം ചെയ്തിരുന്നു. വിതരണം ചെയ്തിരുന്ന ആൾ സ്വമനസ്സാലെ ആ മൃഗാലയിൽനിന്നും ഒഴിയുകയാൽ ഇപ്പോൾ അവിടെ പാൽ വിതരണം ചെയ്യുന്നില്ല. വേറെ ഒരാളെ ഈ ജോലിക്കായി തിരഞ്ഞെടുക്കുവാൻ ശ്രമിക്കുന്നുണ്ടു്.

(ബി) ഈ ആവശ്യത്തിനുവേണ്ടി സൌകര്യമുള്ള ഒരു കെട്ടിടം വാടകക്കു എടുത്തു അതിൽ വെച്ചായിരുന്നു വിതരണം നടത്തിയിരുന്നതു്. ഇപ്രകാരം ൻ മാസത്തിൽ അധികം വിതരണം നടത്തുകയും ചെയ്തു. പക്ഷെ അടുത്ത കാലത്തു ആ കെട്ടിടം ഒഴിഞ്ഞു കൊടുക്കേണ്ടി വന്നതിനാൽ പാൽ വിതരണം ചെയ്യുന്ന ആൾക്കു തന്റെ വീട്ടിൽവെച്ചു വിതരണം നടത്തേണ്ടിവന്നു. വീടിരിക്കുന്ന സ്ഥലത്തു വേണ്ട സ്ഥലം ഇല്ലാതിരുന്നതിനാൽ അടുത്തുള്ള സ്ഥലത്തു ധാരാളം കൂട്ടികൾ വന്നുനില്ക്കാറുണ്ടായിരുന്നു. ജാതി വ്യത്യാസം കൂടാതെയാണു് വിതരണം നടത്തിയിരുന്നതു്.

(സി) ഫ—ഉ—ര നു-ലെ "മലബാർമെയലി"ൽ ഇതിനെപ്പറ്റി ഒരാക്ഷേപം കാണുകയുണ്ടായി.

(ഡി) ആക്ഷേപത്തെപ്പറ്റി അന്വേഷണം നടത്തുകയുണ്ടായി. അതു അടിസ്ഥാനരഹിതമാണെന്നാണു് അന്വേഷണത്തിൽ മനസ്സിലായതു്.

CONOLLY CANAL

203. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state:—

(*a*) why the construction of the Conolly canal, one of the items of Post-war Reconstruction Schemes, has been dropped by the Government;

(*b*) whether it was dropped after consulting any of the Post-war Reconstruction Committees;

(*c*) how many other items of Post-war Reconstruction schemes have been dropped by the Government so far?

LIBRARY ARCHIVES Kerala Legislative Assembly